# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2738 — 19.02.2016 ൽ - മറുപടിക്ക്

## പുതിയ റേഷൻ കടകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ജോസഫ് വാഴയ്ക്കൻ<br>,, കെ.എസ്. ശബരീനാഥൻ<br>,, വി.പി. സജീന്ദ്രൻ<br>,, അൻവർ സാദത്ത് : | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) പുതിയ റേഷൻകടകൾ തുടങ്ങുന്നതിന് കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; | (എ) പുതിയ റേഷൻ കടകൾ തുടങ്ങുന്നതിനായി നിലവിലെ മാനദണ്ഡങ്ങൾ പ്രകാരം പുതിയതായി വരുന്ന കടകളിൽ 400-ൽ കുറയാതെ കാർഡുകൾ ഉണ്ടായിരിക്കണം. എന്നാൽ സമീപസ്ഥമായ കടകളിൽ 400 കാർഡുകളിൽ കുറയാനും പാടില്ല. എന്നാൽ തീരെ ഗതാഗത സൗകര്യമില്ലാത്തിടത്തും, ആദിവാസി മേഖലകളിലും ആവശ്യമായ ഇളവുകൾ നൽകി പുതിയ കടകൾ അനുവദിക്കുന്നുണ്ട്. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; | (ബി) പൊതുവിതരണ ശൃംഖല എല്ലാ പ്രദേശങ്ങളിലേക്കും വ്യാപിപ്പിക്കുകയും എല്ലാ വിഭാഗം ജനങ്ങൾക്കും ഇതിന്റെ പ്രയോജനം ലഭ്യമാക്കി വിലക്കയറ്റവും ഭക്ഷ്യസുരക്ഷയും ഉറപ്പാക്കുക. |
| (സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (സി) പുതിയ റേഷൻ കട അനുവദിക്കണമെന്ന ആവശ്യത്തിന്മേൽ ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെയും സിവിൽ സപ്ലൈസ് ഡയറക്ടറുടെ ശുപാർശയുടെയും അടിസ്ഥാനത്തിൽ കേരള റേഷനിംഗ് ഓർഡറിലെ വ്യവസ്ഥകൾക്ക് അനുസൃതമായി പുതിയ റേഷൻ കടകൾ അനുവദിച്ച് നൽകുന്നു. |

Thulasi

സെക്ഷൻ ഓഫീസർ